**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** **11-10-2021 - ൽ മറുപടിയ്ക്ക്**

**വിമുക്തി മിഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള കഞ്ചാവ് കടത്ത് വർദ്ധിക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ അതിർത്തി പരിശോധന കർശനമാക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. വിവിധ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സംസ്ഥാന അതിർത്തികൾ കേന്ദ്രീകരിച്ച് ഊർജ്ജിതമായ പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാനാന്തര അതിർത്തികളിലുള്ള ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേക്ക് വരുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിനായി 14 പ്രധാന ചെക്ക് പോസ്ററുകളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത അതിർത്തി റോഡുകളിൽ വാഹന പരിശോധന നടത്തുന്നതിന് ബോർഡർ പട്രോളിംഗ് നടത്തുന്നുണ്ട്. അതിർത്തി പങ്കിടുന്ന മറ്റ് സംസ്ഥാനങ്ങളിലെ പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംയുക്ത വാഹന പരിശോധനയും നടത്തി വരുന്നു. |
| (ബി) | മയക്കുമരുന്ന് ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാകുന്നതിന് ജനപങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് അതിന് വേണ്ട മാർഗ്ഗം ആലോചിക്കുമോ; | (ബി) | മയക്കുമരുന്ന് ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി-ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് മയക്കു മരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ എന്നിവിടങ്ങളിലെ 17857 വാർഡുകളിൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ലഹരി വിരുദ്ധ ആശയ പ്രചരണത്തിന്റെ വർദ്ധിത തോതിലുള്ള ആവശ്യകത കണക്കിലെടുത്ത് വിമുക്തി | (സി) | ഉദ്ദേശിക്കുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വിമുക്തി ക്ലബ്ബുകൾ |

| | | | |
|---|---|---|---|
| | മിഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | | രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ "ഉണർവ്വ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതാണ്. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>തിരുവനന്തപുരത്തിനു പുറമെ, സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡി-അഡിക്ഷൻ സെന്റർ എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൂടി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിമുക്തി മിഷൻ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകൾ കൂടാതെ രണ്ടു ഡി-അഡിക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ